5.	ആലപ്പുഴ	-	20
6.	ഇടുക്കി	-	36
7.	എറണാകുളം	-	35
8.	തൃശ്ശൂർ	-	22
9.	പാലക്കാട്	-	39
10.	മലപ്പുറം	-	45
11.	കോഴിക്കോട്	-	27
12.	വയനാട്	-	60
13.	കണ്ണൂർ	-	51
14.	കാസർഗോഡ്	-	36

(ഡി) മത്സരവിജയികൾക്ക് ക്യാഷ് അവാർഡിനു പുറമേ വ്യക്തിഗത ചാമ്പ്യൻ ട്രോഫിയും സർട്ടിഫിക്കറ്റും നൽകിവരുന്നു.

(ഇ) എല്ലാ വർഷവും ഒരേ തുകയല്ല പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള കലാ-കായിക മേളയ്ക്ക് വകയിരുത്താറുള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഇതിനായി വകയിരുത്തിയ തുക താഴെപറയും പ്രകാരമാണ്.

2000-01	-	6 ലക്ഷം രൂപ
2001-02	-	5 ലക്ഷം രൂപ
2002-03	-	8 ലക്ഷം രൂപ

നടപ്പുസാമ്പത്തിക വർഷം ഇൗയിനത്തിൽ 12 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷത്തെ കലാ-കായിക മേള നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടേയുള്ളു. അതിനാൽ ഈ വർഷത്തെ മേളക്ക് തുക ചെലവഴിച്ചിട്ടില്ല.

പിന്നോക്ക-പട്ടികസമുദായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നൽകിയതിലെ ക്രമക്കേടുകൾ

119 (4727) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പിന്നോക്ക-പട്ടിക സമുദായങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ലംപ്സംഗ്രാന്റ് വിതരണം ചെയ്യുന്നതിൽ ക്രമക്കേട് കാട്ടിയതിന്റെ പേരിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്ര വിജിലൻസ് കേസുകൾ നിലവിലുണ്ടെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോസ്മോപൊളിറ്റൻ ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് അനുവദിക്കുന്ന തുകയിൽ ക്രമക്കേട് നടന്നതായി പരിശോധനയിൽ തെളിഞ്ഞിട്ടുണ്ടോ ; എങ്കിൽ, എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലംപ്സംഗ്രാന്റ് വിതരണം ചെയ്യുന്നതിൽ ക്രമക്കേട് കാട്ടിയതിന്റെ പേരിൽ ആർക്കും എതിരെ നടപടി സ്വീകരിച്ചിട്ടില്ല. ഇതിൻമേൽ വിജിലൻസ് കേസുകൾ നിലവിലില്ല.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കോസ്മോപൊളിറ്റൻ ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നില്ല. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ ഇപ്പോൾ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നാണ് അറിയപ്പെടുന്നത്. ഈ ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് അനുവദിക്കുന്ന തുകയിൽ ക്രമക്കേട് നടന്നിട്ടുള്ളതായി പരിശോധനയിൽ തെളിഞ്ഞിട്ടില്ല.

ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനങ്ങൾ

120 (4728) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ട്രൈബൽ റീഹാബിലിറ്റേഷൻ ആന്റ് ഡെവലപ്മെന്റ് മിഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച സർക്കാർ വിലയിരുത്തൽ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത മിഷന്റെ ഘടന എന്താണ് ; എത്ര അംഗങ്ങളാണ് മിഷനിൽ ഉള്ളത് ;

(സി) ആരെല്ലാമാണ് മിഷന്റെ അംഗങ്ങൾ ;

(ഡി) ഇവരുടെ അംഗത്വകാലാവധി നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്രയാണ് ;

(എഫ്) മിഷനിൽ നിലവിൽ എത്ര അംഗങ്ങളുണ്ട് ;

(ജി) രൂപീകരണശേഷം ആരെങ്കിലും ഈ മിഷനിൽ നിന്നും ഒഴിവായി പോയിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ആരെല്ലാമാണ് ;

(ഐ) ഒഴിവായതിന്റെ കാരണം വ്യക്തമാക്കുമോ ;

(ജെ) നിലവിലുള്ള അംഗങ്ങളെ വച്ച് ആദിവാസി ഭൂമി വിതരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly